പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4236 25.06.2014 ലെ മറുപടിക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-<br>1. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സമഗ്രമായി കമ്പ്യൂട്ടർവത്കരിക്കുന്നതിനായുള്ള ദൗത്യം കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ ഇൻഫോർമാറ്റിക് സെന്ററിന് നൽകിയിട്ടുണ്ട്.<br>2. ഗുണഭോക്താക്കൾക്കുള്ള വായ്പാ വിതരണത്തിനുള്ള പ്രക്രിയ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ലീഗൽ ഡോക്യുമെന്റേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br>3. കോർപ്പറേഷനിൽ നിന്നും അനുവദിക്കുന്ന വായ്പകളുടെ തിരിച്ചടവ് തോത് ഉയർത്തുന്നതിനായിട്ടുള്ള നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.<br>4. കോർപ്പറേഷന്റെ വിവിധ പദ്ധതികളെക്കുറിച്ചും അപേക്ഷ സ്വീകരിക്കുന്നതിനെക്കുറിച്ചും പത്രമാധ്യമങ്ങളിലൂടെയും റേഡിയോവിലൂടെയും പ്രചരണങ്ങൾ നൽകുന്നുണ്ട്; കൂടാതെ ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം കോർപ്പറേഷന്റെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, അവയുടെ ഫലപ്രാപ്തി, ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണം എന്നിവയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) & (സി) | കോർപ്പറേഷന്റെ പുനർവായ്പാ ഏജൻസികളായ NSFDC, NSTFDC എന്നിവ മുൻപ് ഒറ്റപ്പെട്ട പഠനങ്ങൾ നടത്തിയിട്ടുണ്ട്. കാലികവും കൂടുതൽ സമഗ്രവുമായ വിധത്തിൽ ആധികാരിക പഠനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ച പഠനം നടത്തി ഭാവിപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് നിർദ്ദേശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ